ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനുള്ള ബൈപാസ് പണി

52 [649] ശ്രീ. കെ. എൻ. എ. ഖാദർ:
,, സി. മോയിൻകുട്ടി:
,, പി. കെ. അബ്ദുറബ്ബ്:
,, ടി. പി. എം. സാഹിർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എൻ. എച്ച്-ലെ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിന് ബൈപ്പാസ്പണി എവിടെയെല്ലാമാണ് നടക്കുന്നതെന്ന് അറിയിക്കാമോ ;

(ബി) ഇവയുടെ പണി എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് ;

(സി) ഇനിയും ബൈപ്പാസുകൾ പണിയുന്നതിന് ആലോചിക്കുന്നുണ്ടോ;

(ഡി) എങ്കിൽ എവിടെയെല്ലാമാണ് എന്നറിയിക്കാമോ ?

ഉത്തരം

(എ) യും (ബി) യും തലശ്ശേരി, കൊയിലാണ്ടി, കോഴിക്കോട്, തൃപ്പൂണിത്തുറ, ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം എന്നിവിടങ്ങളിൽ ബൈപ്പാസുകളുടെ പണി വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ചുവരുന്നു. മൂവാറ്റുപുഴ, കോതമംഗലം ബൈപ്പാസുകൾക്കുള്ള സ്ഥലമെടുപ്പ് ആരംഭിച്ചിട്ടില്ല.

(സി) യും (ഡി) യും കണ്ണൂർ, കൊടുങ്ങല്ലൂർ, ചാവക്കാട്, ആറ്റിങ്ങൽ, എന്നിവിടങ്ങളിൽ ബൈപ്പാസ് പണിയുവാൻ ഉദ്ദേശിക്കുന്നുണ്ട്.

റോഡുകളുടെ പണി

53 [650] ശ്രീ. എ. എ. അസീസ്:
,, കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ എത്ര കിലോമീറ്റർ റോഡുകളുടെ പണി പൂർത്തീകരിച്ചിട്ടുണ്ട് ;

(ബി) ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ദേശീയപാതാ വിഭാഗത്തിൽ 912.253 കി.മീ.യും റോഡുകളും പാലങ്ങളും വിഭാഗത്തിൽ 933.318 കി.മീ.യും പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) അനുബന്ധമായി വച്ചിട്ടുണ്ട്. †

നക്ഷത്രചിഹ്നമിടാത്തചോദ്യം നമ്പർ 651 എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭിച്ചിട്ടില്ല.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly